# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1179 — 30.09.2016-ലെ മറുപടിക്ക്

### ചീമേനി കേന്ദ്രീകരിച്ച് കെ. എസ്. ആർ. റ്റി. സി. ഡിപ്പോ


**ചോദ്യം**

ശ്രീ. എം. രാജഗോപാലൻ

**ഉത്തരം**

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)


| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ മലയോര മേഖലകളിലെ യാത്രാ ക്ലേശം പരിഹരിക്കുന്നതിന് ചീമേനി കേന്ദ്രീകരിച്ച് ഒരു കെ. എസ്. ആർ. റ്റി. സി. ഡിപ്പോ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (എ) യും (ബി) യും (സി) യും | പയ്യന്നൂർ കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നും 17 കി.മി ദൂരം മാത്രമാണ് ചീമേനി എന്ന പ്രദേശത്തേയ്ക്കുള്ളത്. നിലവിൽ പയ്യന്നൂർ ഡിപ്പോയിൽ നിന്നും ആവശ്യത്തിനു സർവ്വീസുകൾ ടി പ്രദേശത്തേയ്ക്ക് കെ.എസ്.ആർ.ടി.സി നടത്തിവരുന്നുണ്ട്. ഒരു ഓപ്പറേറ്റിംഗ് സെന്റർ തുടങ്ങുന്നതിനാവശ്യമായ സ്ഥലം, കെട്ടിടം, മറ്റു അനുബന്ധ സൗകര്യങ്ങൾ ഇവയൊക്കെ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തോ, നഗരസഭയോ ഏർപ്പെടുത്തി തന്നാലും തുടർ പ്രവർത്തന ചിലവുകൾക്ക് പ്രതിവർഷം ശരാശരി 50 ലക്ഷം രൂപ കെ.എസ്.ആർ.ടി.സി ചിലവാക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. കെ.എസ്. ആർ.ടി.സി യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ യാതൊരുവിധത്തിലുമുള്ള പുതിയ ബാധ്യതകളും ഏറ്റെടുക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ ചീമേനിയിൽ ഡിപ്പോ ആരംഭിക്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയുന്നില്ല. |
| (ബി) | പ്രസ്തുത മലയോര മേഖലകളിൽ സർവ്വീസ് നടത്തുന്ന കെ. എസ്. ആർ. റ്റി. സി. ബസ്സുകൾക്ക് ചീമേനി ഡിപ്പോ ആരംഭിക്കുകയാണെങ്കിൽ ബസ്സുകൾ സുഗമമായി ഓപ്പറേറ്റ് ചെയ്യുവാൻ കഴിയുമെന്നതിനാൽ ഡിപ്പോയുടെ പ്രവർത്തനം ആരംഭിക്കാൻ നടപടികൾ ഉണ്ടാകുമോ; | | |
| (സി) | ഇതിനാവശ്യമായ ഭൂമിയും അടിസ്ഥാന സൗകര്യങ്ങളും സൗജന്യമായി ഏർപ്പെടുത്തിയാൽ ഡിപ്പോ പ്രവർത്തനം ഉടൻ ആരംഭിക്കാൻ കഴിയുമോ; വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ